**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7777 15.07.2014 ന് മറുപടിയ്ക്ക്.

**ആതിരപ്പിള്ളി പ്രവേശന പാർക്കിംഗ് ഫീസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) പ്രതിവർഷം 10 ലക്ഷത്തോളം ടൂറിസ്റ്റുകൾ സന്ദർശകരായി എത്തുന്ന ആതിരപ്പിള്ളിയിൽ ടൂറിസ്റ്റുകളിൽ നിന്നും പ്രവേശന ഫീസായും, പാർക്കിംഗ് ഫീസായും എത്ര സംഖ്യയാണ് ആതിരപ്പിള്ളി വനസംരക്ഷണ സമിതി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളത്; | (എ) ആതിരപ്പിള്ളി സന്ദർശിച്ച ടൂറിസ്റ്റുകളിൽനിന്നും പ്രവേശന ഫീസായും, പാർക്കിംഗ് ഫീസായും 2,12,69,895/- രൂപയാണ് (പുഴ-വനം സംരക്ഷണ നിധി - 1,61,30,341.00 + സർക്കാർ റവന്യൂ - 51,39,554.00) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആതിരപ്പിള്ളി വനസംരക്ഷണ സമിതി പിരിച്ചെടുത്തിട്ടുള്ളത് |
| (ബി) ഇങ്ങനെ ശേഖരിക്കുന്ന തുകയിൽ നിന്നും ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം 1,17,26,286/- രൂപയാണ് ആതിരപ്പിള്ളി സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചിട്ടുള്ളത്. |
| (സി) ഇതിനായി കൂടുതൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ആതിരപ്പിള്ളി സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകൃത മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ